Block Devalopent Officers under suspension

303 [621] **Dr. A. Subba Rao:** Will the Minister for community development be pleased to state:

(a) Whether it is a faet that officers in the Oachira Development .block have been suspended;

(b) if so, who are the officers placed under suspension:

(c) What are the reasons for this suspension ?

Answer

(a) Yes.

(b) S/Shri. L. Antony, Block development officer, Ahammed Saheb, A. Sukumaran, V. Vasudevan and Cletus, Village Extension Officers.

(c) During physical survey of families assisted under IRDP during 1980-'81 and 1981-'82 conducted in the Oachira Block serious irregularities had been detected. The report of the Project Officer, DRDA, Quilon had revealed prima facie cases of cheatin- Government with a view to misapproprgiate subsidy, fabrication of records and accounts furnishing of false certificates, etc. It was reported that the above officer were responsble for those irregulai rities. Hence they were placed under suspension.

[ചോദ്യോത്തരവേള കഴിഞ്ഞു.]

II. അടിയന്തിരപ്രമേയം.

അടിമാലിക്കുസമീപമുള്ള കത്തിപ്പാറയിൽ നടന്ന ബസ്സപകടം

മി. സ്പീക്കർ: 14-9-1985 രാവിലെ അടിമാലിക്കു സമീപം കത്തിപ്പാറയിൽ ബസ് മറിഞ്ഞ് 12 പേർ മരണമടയുകയും നൂറോളം പേർക്ക് സാരമായ പരിക്കുപറ്റുകയും ചെയ്തതിനെത്തുടർന്ന് 9-30 a.m. ഉള്ളവായതിനെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജി. വരദൻ ശ്രീ. എം. ജിനദേവൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗതവകുപ്പു മന്ത്രി **ശ്രീ. എൻ. സുന്ദരൻനാടാർ:** സർ, ഈ ദാരുണമായ സംഭവം നമ്മെ എല്ലാവരെയും ഞെട്ടിച്ചിരിക്കുകയാണ്. സെപ്റ്റംബർ 14-ാം തീയതി രാവിലെ എട്ടര മണിയോടെ അടുപ്പിച്ച് പൊൻമുടി-പാലാ റൂട്ടിൽ ഓടുന്ന 'സംഗമം' എന്ന സ്വകാര്യ ബസ്സ് മറ്റൊരു സ്വകാര്യ ബസ്സിനു സൈഡ് കൊടുക്കവേ അടിമാലി കടുത്തുള്ള കത്തിപ്പാറയിൽ റോഡിന്റെ വക്കിടിഞ്ഞ് ഏകദേശം 500 അടി താഴ്ച്ചയിലേക്ക് മറിയുകയും അഞ്ചു സ്ത്രീകളും ഉൾപ്പെടെ പന്ത്രണ്ടു പേർ അതിദാരുണമായി മരണമടയുകയും ചെയ്തു. ആറു പേർ സംഭവസ്ഥലത്തുവെച്ചും അഞ്ചു പേർ ആശുപത്രിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുന്ന വഴിക്കുമാണ് മരണമടഞ്ഞത്. ഒരാൾ 16-9-1985-ന് മെഡിക്കൽ ട്രസ്റ്റ് ഹോസ്പ്പിറലിൽ വെച്ച് മരണമടയുകയുണ്ടായി. 70 പേർക്ക് മുറിവേൽക്കുകയുണ്ടായി. മാരകമായി മുറിവേറ്റ ഏഴു പേരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും മുറിവേറ്റ മറ്റുള്ളവരെ അടിമാലി, മൂന്നാർ, കോതമംഗലം, മുവ്വാറ്റുപ്പുഴ, കോഴഞ്ചേരി എന്നീ ഗവൺമെന്റ് ആശുപത്രികളിലും ധർമ്മഗിരി, ബസാലിയസ് തുടങ്ങിയ പ്രൈവറ്റ് ആശുപത്രികളിലും പ്രവേശിപ്പിച്ചു. ഇവരിൽ അഞ്ചുപേരുടെ നില വളരെ ഗുരുതരമാണ്. നിലവിളി കേട്ട് ജനങ്ങളും പോലീസും പാഞ്ഞെത്തി രക്ഷാപ്രവർത്തനങ്ങൾ നടത്തി. വിദ്യാലയങ്ങൾക്ക് അവധിയായിരുന്നിട്ടും ബസ്സിൽ നിറയെ യാത്രക്കാരുണ്ടായിരുന്നു. ബസ്സിനകത്ത് കുരുങ്ങിപ്പോയ ചിലരെ പുറത്തെടുക്കുവാൻ ബസ് വെട്ടി പൊളിക്കേണ്ടിവന്നു. റവന്യൂ വകുപ്പു മന്ത്രി സ്ഥലത്തെത്തി മുറിവേറ്റവരെ സന്ദർശിക്കുകയും ബന്ധപ്പെട്ട കളക്ടർക്കും ആർ. ഡി. ഒ. ക്കും വേണ്ട നിർദ്ദേശം നൽകുകയും ചെയ്തു. ജില്ലാകളക്ടർ ധനസഹായം കൊടുക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോർവാഹന ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരെ അവിടെ അയച്ച് വിശദവിവരം ശേഖരിച്ചുവരികയാണ്. സർ, മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5000 രൂപ കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിക്കഴിഞ്ഞു. അതുപോലെ തന്നെ ഇത്തരം സംഭവങ്ങൾ നടക്കാതിരിക്കുന്നതിനു വേണ്ട ടെസ്റ്റിംഗ് കർശനമാക്കുന്നതിനും വിജിലൻസ് സ്ക്വാഡ് ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി എടുത്തുകഴിഞ്ഞിരിക്കുകയാണ്. അപകട സ്ഥലങ്ങളിൽ റോഡ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി പി. ഡബ്ലിയു. ഡി. യുമായി ആലോചിച്ച് വേണ്ട നടപടികൾ എടുക്കുന്നതാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി റവന്യൂ ബോർഡ് മെമ്പറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ജി. വരദൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ സംഭവം നേരിട്ടു കാണാതെ വല്ലവരും എഴുതിക്കൊടുത്തത് വായിച്ചതിൽ വലിയ സങ്കടമുണ്ട്. (ബഹളം) മന്ത്രി കളരെ ലാഘവബുദ്ധിയോടുകൂടി പന്ത്രണ്ടു ജീവൻ മാത്രമല്ല ആശുപത്രിയിൽ കഴിയുന്ന നൂറോളം പേർ മരിച്ചതിനു തുല്യമാണ് — ഈ സംഭവത്തെ കാണുകയാണ്. ഈ ഗവൺമെൻറ് അതിനാവശ്യമായ നടപടികളൊന്നും സ്വീകരിക്കാതെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വന്ന് വായിച്ചതു കേൾക്കുമ്പോൾ വലിയ സങ്കടം തോന്നുന്നു. ഇവിടെ മാത്രമല്ല പണ്ട് എൻറെ മണ്ഡലമായ കരടിപ്പാറയിൽ ഒരു സംഭവമുണ്ടായി. ഇപ്പോൾ കത്തിപ്പാറയിൽ ഈ സംഭവമുണ്ടായി. അവിടെ മാത്രമല്ല, നമ്മുടെ സംസ്ഥാനത്തിൽ എവിടെ നോക്കിയാലും ബസ്സപകടമാണ്.

മി. സ്പീക്കർ: അങ്ങ് ഈ സംഭവത്തെക്കുറിച്ച് പറയണം.

ശ്രീ. ജി. വരദൻ: സർ, അവിടെയുള്ള ജനങ്ങൾ വളരെയധികം യാത്രാക്ലേശം അനുഭവിക്കുകയാണ്. കത്തിപ്പാറ സംഭവത്തിൽ, ആ ബസ്സിൽ യാത്രചെയ്യുന്നതിന് 100 പേർ കയറിയതാണ്. അതിൽ ഒരു കുടുംബത്തിലെ നിരപരാധികളായ അഞ്ചുപേരുണ്ടായിരുന്നു. ആ അഞ്ചുപേരും ഇപ്പോൾ ആശുപത്രിയിലാണ്. ഒരു കുടുംബത്തിൻറെ മാത്രമല്ല, പന്ത്രണ്ടുപേരുടെ ജീവനെക്കുറിച്ച് വളരെ നിസ്സാരപ്പെട്ട കാര്യമായി മന്ത്രി ഇവിടെ പറയുമ്പോൾ അതിൽ ബഹുമാനപ്പെട്ട കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടുന്നത് മനസിലാകുന്നില്ല. ഈ വണ്ടി 300 അടി താഴ്ച്ചയുള്ള കൊക്കയിലേക്ക് താഴ്ന്നതാണ്. ഈ റോഡ് വളരെ മോശപ്പെട്ട ഒന്നാണ്. ആ റോഡ് പണ്ട് സായിപ്പ് ഉണ്ടാക്കിയ റോഡാണ്. ഒരു വണ്ടി വേറൊരു വണ്ടിക്ക് സൈഡ് കൊടുത്തപ്പോഴേ തന്നെ താഴ്ന്നുപോയി. ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ അവിടെ നിത്യസംഭവങ്ങളാണ്. ഇപ്പോഴും മന്ത്രി തന്നെ ഇവിടെ പറഞ്ഞു, നൂറുപേർക്ക് പരിക്കേറ്റിരിക്കുകയാണെന്ന്. ഈ നൂറുപേർ പല ആശുപത്രികളിലാണ്. ഹൈറേഞ്ചിൽ ഇതു പോലെയുള്ള അപകടമുണ്ടായാൽ അവരെ ശുശ്രൂഷിക്കുന്നതിന് അവിടെ ഒരു താലൂക്കാശുപത്രിയോ ഡിസ്ട്രിക്ട് ആശുപത്രിയോ ഇല്ല. അവിടെ അടുത്ത് ആശുപത്രി ഉണ്ടായിരുന്നുവെങ്കിൽ പലരേയും രക്ഷപ്പെടുത്തുന്നതിന് സാധിക്കുമായിരുന്നു. 30—60 കിലോമീറ്റർ സഞ്ചരിച്ച് അവർ കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും എറണാകുളം ആശുപത്രിവരെയും എത്തി. ഈ താമസംകൊണ്ടുമാത്രം പലരും മരിച്ചു. ഈ സംഭവത്തിൽ നമ്മുടെ ഗവൺമെന്റ് ഇത്തരത്തിൽ ഒരു നിലപാടെടുത്തത് അവിടത്തെ ജനങ്ങളോടുകാണിച്ച ക്രൂരതയാണ്. മന്ത്രി ഇവിടെ പറഞ്ഞു, അയ്യായിരം രൂപ ധനസഹായം കൊടുക്കുന്നുയെന്ന്. അയ്യായിരം രൂപ എന്തിനാണ് സർ ? മരിച്ചവരിൽ കുഞ്ഞുങ്ങളും വലിയ ആളുകളും ഉണ്ട്. ഈ സ്ഥലം മന്ത്രി കണ്ടില്ല. ഇന്നോ നാളെയോ കാണും. മന്ത്രി കാണാത്തതു മാത്രമല്ല മന്ത്രിക്കു കൊടുത്തിരിക്കുന്ന വിവരം തന്നെ തെറ്റാണ്. അയ്യായിരം രൂപ എന്നു പറയുന്നത് വളരെ തുച്ഛമാണ്. അതുകൊണ്ട് 25,000 രൂപയെങ്കിലും അവർക്ക് അടിയന്തിരമായി കൊടുക്കണം. ഇനിയും ആശുപത്രിയിൽ ഉള്ളവരുടെ സ്ഥിതി വളരെ ഗുരുതരമാണ്. ഞാൻ അവിടെ പോയിരുന്നു. അടിമാലി മുതൽ ഞാൻ ഓരോ സ്ഥലങ്ങളിലും പോയി ആളുകളെ കണ്ടു. അവർ പ്രൈവറ്റ് ആശുപത്രികളിൽ കഴിയുകയാണ്. പ്രൈവറ്റ് ആശുപത്രികളിൽ കഴിയുമ്പോൾ എന്തുമാത്രം രൂപ ചിലവാകുമെന്ന് അങ്ങേക്കറിയാമല്ലോ? അവർ മലയോര പ്രദേശങ്ങളിൽ കൃഷിചെയ്തു ജീവിക്കുന്ന പാവങ്ങളാണ്. അവർ മെഡിക്കൽ ട്രസ്റ്റിന് ഇത്ര രൂപ കൊടുക്കണം, അതുപോലെ പ്രൈവറ്റ് ആശുപത്രികളിൽ ഇത്ര രൂപ കൊടുക്കണം. അവർക്ക് ചെലവാകുന്ന മുഴുവൻ പണവും — വൈദ്യസഹായം ഉൾപ്പെടെ — നമ്മുടെ ഗവൺമെന്റ് വഹിക്കണം. കാലും കയ്യും മാറ്റ് അംഗഭംഗം സംഭവിച്ചവർക്ക് പതിനായിരം രൂപവച്ച് കൊടുക്കണം. ബഹുമാനപ്പെട്ട മന്ത്രി, ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയും [illegible] കാരണം, ഈ അപകടത്തിൽ വളരെ ലാഘവബുദ്ധിയോടുകൂടി പെരുമാറിയതുകൊണ്ട് രാജി വെക്കണം. അദ്ദേഹം ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ചില്ല. ഇതിൽ ട്രാൻസ്പോർട്ട് മന്ത്രിയുടെ ശദ്ധ വേണ്ടേ ? അദ്ദേഹം നടപടിയൊന്നും എടുത്തിട്ടില്ല. പെരുമ്പാവൂർ എം. എൽ. എ. ശ്രീ. തങ്കച്ചനൊക്കെ അവിടെ എത്തി. എൺപതു പേരുടെ ജീവൻ രക്ഷിക്കാൻ വേണ്ട ചികിൽസാ സൗകര്യങ്ങളും ചെയ്തുകൊടുക്കണം. അവർക്കു ധനസഹായം ചെയ്യണം. മരിച്ചവർക്ക് 25,000 രൂപയെങ്കിലും കൊടുക്കണം. അയ്യായിരം രൂപ പിച്ചക്കാശാണ്. നൂറോളം പേരുടെ സ്ഥിതി വളരെ ഗുരുതരമാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് സമഗ്രപദ്ധതികൾ നിർത്തിവെച്ച് ചർച്ചചെയ്യണം. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത്, വൈദ്യസഹായം ഇടുക്കിയിൽ കിട്ടിയിട്ടില്ല. വൈദ്യസഹായം കിട്ടാത്തതുകൊണ്ട് ആവശ്യമായ മരുന്ന് കിട്ടാത്തതുകൊണ്ടാണ് അൻപതു പേർ അപ്പുറത്തുപോയി മരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ പ്രത്യേകം ശദ്ധിക്കണം. വൈദ്യസഹായം മുഴുവൻ ഗവൺമെന്റ് ചെയ്യാനുള്ള നടപടിയെടുക്കണമെന്നും ദയവായി ഈ സമഗ്രപദ്ധതികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഈ സംഭവം നടന്ന ഉടൻതന്നെ ഗവൺമെൻറ് പ്രതിനിധിയെന്ന നിലയിൽ വനവ്യൂവകുപ്പുമന്ത്രി സ്ഥലത്തെത്തുകയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാരെക്കൊണ്ട് കാര്യമായി അന്വേഷിക്കുകയും ആവശ്യമായ നടപടികളും എടുക്കുകയും ചെയ്തു. പിന്നെ ബഹുമാനപ്പെട്ട മെമ്പർ സ്വന്തമായി നടപടികളും നിർത്തിവെച്ച് ചർച്ച വെയ്ക്കണമെന്ന് പറയുന്നത് ശരിയല്ല. ഈ സംഭവമുണ്ടായപ്പോൾതന്നെ അടിയന്തിര നടപടിയെടുക്കുകയും ബഹുമാനപ്പെട്ട വനവ്യൂവകുപ്പുമന്ത്രി സ്ഥലത്തുപോയി എല്ലാ ഏർപ്പാടുകളും ചെയ്യുകയും അതിനുപുറമെ....(ബഹളം). ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായ സഹായം എത്തിക്കുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ചികിൽസാസൗകര്യങ്ങളും എത്തിക്കുന്നതിനുള്ള നടപടിയും എടുത്തുകഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം—ട്രാൻസ്പോർട്ടുവകുപ്പുമന്ത്രിയുടെയോ ഗവൺമെൻറിന്റെയോ കുറ്റംകൊണ്ടല്ല. റോഡ് വിതികുറവായ സ്ഥലമാണ്. സൈഡ് കൊടുത്തപ്പോൾ ഉണ്ടായ അപകടമാണ്. ബഹുമാനപ്പെട്ട മെമ്പറുടെ മന്ത്രി രാജിവെക്കണമെന്ന പല്ലവി—അത് നടക്കുവാൻ പോകുന്നില്ലായെന്ന് ഞാൻ ധർമ്മിപ്പിക്കുകയാണ്. ഇതിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയം പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, എല്ലാ പ്രൈവറ്റ് ബസ്സുകാരും ഇപ്പോഴും ലൈസൻസ് കൊടുക്കുകയാണ്. ഒരു ബസ്സിൽ നൂറും നൂറമ്പതും ആളുകളെ യാത്രചെയ്യുകയാണ്; മരിക്കുകയാണ്. കേരളത്തിൽ ഈ ഗവൺമെൻറ് എന്താണ് ചെയ്തത്? വെറും അയ്യായിരം രൂപയാണ് കൊടുത്തിരിക്കുന്നത്. മന്ത്രി ആ സ്ഥലത്ത് പോയിട്ടുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അനുമതി നിഷേധിച്ചിരിക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. അതിന് എന്ത് തീരുമാനമെടുത്തുവെന്ന് അറിയിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം നോട്ടീസ് തന്നിരുന്നു. പക്ഷേ ചട്ടപ്രകാരം ഒരേസമയത്ത് ഒന്നിൽകൂടുതൽ അടിയന്തിരപ്രമേയത്തിന് അനുമതികൊടുക്കാൻ നിവർത്തിയില്ല. അതുകൊണ്ട് സബ്മിഷനായിട്ട് ഉന്നയിക്കാൻ അവസരം നൽകുന്നതാണ്.

III ശ്രദ്ധക്ഷണിക്കൽ

(i) എസ്റ്റേറ്റുകളും പൂട്ടിയിട്ടതുമൂലം നെല്ലിയാംപതി പഞ്ചായത്തിലെ തൊഴിലാളികളും അനുഭവിക്കുന്നതായ ബുദ്ധിമുട്ടുകൾ

ശ്രീ. സി. വാസുദേവമേനോൻ: സർ, പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ തോട്ടംമേഖലയാണ് നെല്ലിയാംപതി പഞ്ചായത്ത്. നെല്ലിയാംപതി പഞ്ചായത്ത് 35 എസ്റ്റേറ്റുകളും സുമാർ അഞ്ചായിരത്തോളം തൊഴിലാളികളും എണ്ണായിരത്തോളം ജനസംഖ്യയുമുള്ള

LIBRARY ARCHIVES Kerala Legislative Assembly